**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 104** — **18-01-2021 - ൽ മറുപടിയ്ക്ക്**

**മലയോര,തീരദേശ ഹൈവേകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം,<br>ശ്രീ. ബി. ഡി. ദേവസ്സി ,<br>ശ്രീ . ജോർജ് എം .തോമസ് ,<br>ശ്രീ. വി. അബ്ദുറഹിമാൻ | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ എത്ര പദ്ധതികൾക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്; പ്രധാന പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) | പൊതുമരാമത്ത് വകുപ്പിന്റെ 303 പദ്ധതികൾക്ക് കെ.ആർ.എഫ്.ബി മുഖേനയും, 8 പദ്ധതികൾക്ക് ദേശീയപാത വിഭാഗം മുഖേനയും, ഒരു പദ്ധതിയ്ക്ക് കെ.ആർ.റ്റി.എൽ മുഖേനയും, 69 പദ്ധതികൾക്ക് ആർ.ബി.ഡി.സി.കെ മുഖേനയും, 3 പദ്ധതികൾക്ക് ആർ.ഐ.സി.കെ (RICK) മുഖേനയും നടപ്പിൽ വരുത്തുന്നതിന് കിഫ്ബിയുടെ സാമ്പത്തി കാനുമതി ലഭിച്ചിട്ടുണ്ട്. 1251 കി.മീ ദൂരത്തിൽ 3500 കോടി രൂപയുടെ മലയോര പാത പദ്ധതിയും 653 കി.മീ ദൂരത്തിൽ 6500 കോടി രൂപയുടെ തീരദേശപാത പദ്ധതിയുമാണ് കിഫ്ബി വഴി നടപ്പിലാക്കുന്ന ബ്രഹത്ത് പദ്ധതികൾ. |
| (ബി) | പതിമൂന്ന് ജില്ലകളിൽ കൂടി കടന്നു പോകുന്ന മലയോര ഹൈവേ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പദ്ധതി ത്വരിതപ്പെടുത്താൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | 2017-18 ബഡ്ജറ്റ് പ്രകാരം മലയോര ഹൈവേയ്ക്കായി (1251 കി.മീ) 3500കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയാണ് ലഭിച്ചത്. ഇതിൽ 688 കി.മീ വരുന്ന 27 പദ്ധതികളുടെ വിശദമായ പദ്ധതി രൂപരേഖ കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചു. 549.213 കി.മീ വരുന്ന 21 പദ്ധതികൾക്ക് 1726.397 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അംഗീകാരം ലഭിച്ചു. മലയോര ഹൈവെ പദ്ധതിക്കായി 12 മീറ്റർ റൈറ്റ് ഓഫ് വേ ആവശ്യമാണ്. ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കേണ്ടതുണ്ട്. പദ്ധതിക്കായി സൗജന്യമായി സ്ഥലം ലഭ്യമായ 283.14 കി.മീ വരുന്ന 14 പദ്ധതികൾക്ക് (1067.44 കോടി) സാങ്കേതികാനുമതി നൽകുകയും, ടെണ്ടർ ചെയ്യുകയും ചെയ്തു. പ്രസ്തുത 14 പദ്ധതികൾ കരാർ ഉറപ്പിച്ച് പ്രവൃത്തി ആരംഭിച്ചു. ഇതുവരെ രണ്ടു റീച്ചുകളിലായി 69.05 കി.മീ. റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കുവാനായി. വനമേഖലകളിൽ കൂടി കടന്നുപോകുന്ന റീച്ചുകളിൽ വനം വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | അംഗീകാരം ലഭിക്കേണ്ടതുണ്ട്. പദ്ധതി ത്വരിതപ്പെടുത്താനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. പദ്ധതിയുടെ തടസ്സങ്ങൾ നീക്കുന്നതിനും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനും സൈറ്റ് ഇൻസ്പെക്ഷൻ, പുരോഗതി വിലയിരുത്തുന്നതിനുള്ള മീറ്റിംഗുകൾ, ബില്ലുകൾ ഉടനടി പാസ്സാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയുണ്ടായി. |
| (സി) | തീരദേശ ഹൈവേ പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ? | (സി) | 9 ജില്ലകളിലൂടെ കടന്നു പോകുന്ന കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്തെയും തിരുവനന്തപുരം ജില്ലയിലെ പൂവ്വാറുമായി ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട തീരദേശ ഹൈവേ പ്രധാന തുറമുഖങ്ങളായ വല്ലാർപാടം, കൊല്ലം, വിഴിഞ്ഞം എന്നിവയെ ബന്ധിപ്പിക്കുന്ന വിധമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ദേശീയപാതയിലെ ഗതാഗതകുരുക്ക് കുറയ്ക്കുന്നതിനും, പ്രധാന മത്സ്യബന്ധന തുറമുഖങ്ങളെയും മത്ധ്യബന്ധന മേഖലകളെയും ബന്ധിപ്പിക്കുന്നതിനും, ചരക്കുകൾ എളുപ്പത്തിൽ കൈമാറുന്നതിനും, ടൂറിസം മേഖലയുടെ വികസനത്തിനും ഈ പദ്ധതി സഹായകരമാകും. നിർദ്ദിഷ്ട തീരദേശ ഹൈവേ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. കടന്നുപോകുന്ന ജില്ലകളുടെ ആകെ എണ്ണവും നീളവും - 9 എണ്ണം, 653 കി.മീ. 2. ഭരണാനുമതി ലഭിച്ച ആകെ തുക - 6500 കോടി 3. നിർദ്ദിഷ്ട വീതി - 14 മീറ്റർ /15.6 മീറ്റർ 4. കിഫ്ബിയ്ക്ക് സാമ്പത്തിക അനുമതിയ്ക്കായി സമർപ്പിച്ച ദൈർഘ്യം - 61.75 കി.മി (7 എണ്ണം) 5. സാമ്പത്തിക അനുമതി ലഭിച്ച ദൈർഘ്യം -24.05 കി.മീ (4 എണ്ണം) 6. സാമ്പത്തിക അനുമതി ലഭിച്ച തുക - 164.83 കോടി 7. സാങ്കേതിക അനുമതി ലഭിച്ച ദൈർഘ്യവും തുകയും - 18.85 കി.മി, 80.34 കോടി 8. ടെണ്ടർ ചെയ്ത പദ്ധതികളുടെ ദൈർഘ്യവും തുകയും - 18.85 കി.മീ. 72.12 കോടി 9. പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന ദൈർഘ്യവും തുകയും -- 15 കി.മീ., 52.39 കോടി.. നിലവിൽ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിക്കുന്നമുറയ്ക്കാണ് തീരദേശ ഹൈവേയുടെ പ്രവർത്തികൾ പുരോഗമിക്കുന്നത്. ഇതുവരെ സമർപ്പിച്ച 61.75 കി.മീ. (7 എണ്ണം) ദൂരത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾക്കാണ് സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുള്ളത്. ശേഷിക്കുന്ന ദൂരത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്കുതന്നെ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ